(സി) 2014-15-ൽ മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് സമാഹൃത ഫണ്ടായി 1225 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും കൃത്യമായി ഡി.പി.ആർ. സമർപ്പിക്കുന്നമുറയ്ക്ക് ഫണ്ട് അനുവദിക്കുകയാണ് ചെയ്യുന്നത്. അതിൻപ്രകാരം ദേശീയ ഗെയിംസിന് 216 കോടി രൂപ, കൊച്ചി മെട്രോയ്ക്ക് 196 കോടി രൂപ, തലസ്ഥാന നഗര വികസന പദ്ധതിക്ക് 3.95 കോടി രൂപ വീതം അനുവദിച്ച നൽകിയിട്ടുണ്ട്. ഇതിൽ കേന്ദ്രസഹായം ഉൾപ്പെടുന്നില്ല. 2014-15-ലെ താൽക്കാലിക കണക്ക് പ്രകാരം കൊച്ചി മെട്രോയ്ക്ക് 247 കോടിയും ദേശീയ ഗെയിംസിന് 216 കോടിയും തലസ്ഥാന നഗര വികസന പദ്ധതിക്ക് 26.87 കോടിയും ചെലവഴിച്ചിട്ടുണ്ട്. 2015-16-ൽ ഈ പദ്ധതികൾക്കായി 2000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ആജീവിക സ്കിൽഡ് പ്രോഗ്രാം

44 (1412) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ആജീവിക സ്കിൽഡ് പ്രോഗ്രാമിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പദ്ധതിയിലൂടെ 2014-15 -ൽ ലക്ഷ്യമിട്ട കാര്യങ്ങൾ വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിലേക്കായി കേന്ദ്ര സർക്കാർ നൽകിയ തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ പോരായ്മകൾ കടന്നുകൂടിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കുടുംബശ്രീമുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ആജീവിക സ്കിൽസ്)-യിലൂടെ 18-35 ഇടയിൽ പ്രായമുള്ള യുവതിയുവാക്കൾക്കും 45 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

വിവിധ തൊഴിലുകളിൽ പരിശീലനം നൽകുകയും തുടർന്ന് സംഘടിത മേഖലയിൽ ജോലി നൽകുകയും ചെയ്യുന്നു. മൂന്ന് മുതൽ പന്ത്രണ്ട് മാസം വരെയുള്ള പരിശീലന കാലയളവിൽ തൊഴിൽ പരിശീലനത്തോടൊപ്പം ഇംഗ്ലീഷ് ഭാഷ, കമ്പ്യൂട്ടർ, സോഫ്റ്റ്വെയർ എന്നിവയിലും പരിശീലനം നൽകി എൻസിവിറ്റി/എസ്.എസ്.സി. സർട്ടിഫിക്കറ്റും നൽകുന്നു. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ യുവജനങ്ങൾ ആയതുകൊണ്ട് പരിശീലനം പൂർണ്ണമായും സൗജന്യമാണ്. 30,000 പേർക്ക് തൊഴിൽ പരിശീലനം നൽകുവാനാണ് പ്രഥമ ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതിയിലൂടെ 2014-15-ൽ സംസ്ഥാനത്ത് 30,000 ഗ്രാമീണ യുവതീ യുവാക്കൾക്ക് പരിശീലനം നൽകുകയും 75% പേർക്ക് തൊഴിൽ നൽകുകയുമാണ് പരമപ്രധാനമായ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി 23 പ്രോഗ്രാം ഇംപ്ലിമെന്റിംഗ് ഏജൻസികളുമായി കുടുംബശ്രീ കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) പദ്ധതിയുടെ 2014-15-ലെ ബഡ്ജറ്റിന് അംഗീകാരം ലഭിച്ചത് 2014 ഡിസംബർ മാസമാണ്. ആകെ പദ്ധതി തുകയായ 120 കോടി രൂപയുടെ 50% തുക (കേന്ദ്ര സർക്കാർ വിഹിതം 75% + സംസ്ഥാന സർക്കാർ വിഹിതം 25%)യായ 60 കോടി രൂപ കുടുംബശ്രീക്ക് 2014 ഡിസംബർ മാസം ലഭിച്ചു. ഇതിനെത്തുടർന്ന് 2015 ഫെബ്രുവരി മാസം 23 ഏജൻസികളുമായി കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. 2015 മാർച്ച് മാസം പ്രസ്തുത ബില്ലിൽ നിന്ന് അതാത് ഏജൻസികളുടെ പദ്ധതി തുകയുടെ 25% തുക ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. 63% തുക 2015 മെയ് മാസത്തിൽ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ പോരായ്മകൾ കടന്നുകൂടിയിട്ടുള്ളതായി നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നത്.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം

45 (1413) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷം സംസ്ഥാനത്ത് ആസൂത്രണ കമ്മീഷൻ അംഗീകരിച്ച പദ്ധതി അടങ്കൽ തുക എത്രയായിരുന്നുവെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly